LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള അംഗൻവാടികൾ

53 [1258] ശ്രീ. എ. എ. അസീസ് :
,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ബ്ലോക്കുകളിൽ അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) അംഗൻവാടികൾ ഇല്ലാത്ത ബ്ലോക്കുകളുടെ പേരുവിവരം വെളിപ്പെടുത്തുമോ ;

(സി) എത്ര അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിലവിലുണ്ട് ;

(ഡി) അംഗൻവാടികൾക്ക് കെട്ടിടങ്ങൾ നിർമ്മിച്ചുകൊടുക്കുവാൻ എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ ; ഉണ്ടെങ്കിൽ അത് വിശദമാക്കുമോ ;

ഉത്തരം

(എ, ബി) സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) അംഗൻവാടി കെട്ടിട നിർമ്മാണം പൂർണ്ണമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തിരിക്കുകയാണ്. കൂടാതെ എം. പി. ഫണ്ട്, എം. എൽ. എ. ഫണ്ട് തുടങ്ങിയവയും ഇതിനായി ഉപയോഗിക്കാറുണ്ട്. അംഗൻവാടി കെട്ടിടങ്ങൾ പണിയുന്നതിന് ആവശ്യമായ തുക അനുവദിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

തൃശ്ശൂർ ജില്ലയിൽ എല്ലാ ബ്ലോക്കുകളിലും ഐ. സി. ഡി. എസ്. പ്രോജക്ടുകൾ ആരംഭിക്കാൻ നടപടി

54 [1259] ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ എല്ലാ ബ്ലോക്കുകളിലും ഐ. സി. ഡി. എസ്. പ്രോജക്ടുകൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;